ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: രാജ്യത്തുള്ള എല്ലാവരെയും വിളിച്ചുവരുത്തി നോക്കിയിട്ടല്ല ഇത്തരം പദ്ധതി തയ്യാറാക്കുക. വികസനത്തിനു് സഹായിക്കാൻ തയ്യാറുള്ളവരെ ക്ഷണിച്ചുവരുത്തുകയും റിപ്പോർട്ട തയ്യാറാക്കുകയും ചെയ്യുകയാണു പതിവു്.

ശ്രീ. ഇ. അഹമ്മദു്: ഈ പദ്ധതിക്കു് നാലു ലക്ഷത്തിൽച്ചിലപാനം രൂപയാണു് ചെലവായതെന്നു പറഞ്ഞു. കമ്പനിക്കു കൊടുത്തതു് ഒരു ലക്ഷത്തിൽപ്പരം രൂപയാണു്. അങ്ങനെയാണെങ്കിൽ ബാക്കി സംഖ്യ എന്തിനു ചെലവായി ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: 4,92,666 രൂപയാണു ചെലവായതു്. 4,14,750 രൂപ കമ്പനിക്കു കൊടുത്തു. ബാക്കിയുള്ള സംഖ്യ സ്റ്റോറു ഗവണ്മെൻറിന്റെ ഇതു സംബന്ധിച്ച മറ്റു നടപടികൾക്കു ചെലവായിട്ടുള്ളതാണു്.

WRITTEN ANSWERS

സഹകരണ അസിസ്റ്റൻറു് രജിസ്ട്രാറന്മാർ

*310 (1064) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡിറ്റു വിഭാഗത്തിൽ അസിസ്റ്റൻറു് രജിസ്ട്രാറന്മാരെ താലൂക്കു ലവലിൽ സ്ഥിരം ആഫീസറന്മാരായി നിയമിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നടപടി എന്നുമുതൽ നടപ്പിലാക്കാനാണു് ഉദ്ദേശിക്കുന്നതു് ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്)

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഉപതിരഞ്ഞെടുപ്പുകൾ:

*311 (1070) ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗത മന്ത്രി സദയം മറുപടിനൽകുമോ:

(എ) ആറന്മുള, മലപ്പുറം എന്നീ നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പുകൾക്കു് ഈ ഗവണ്മെൻറിനു് എത്ര സംഖ്യ ചെലവായി;

(ബി) ചെലവായ ഇനങ്ങൾ എന്തൊക്കെയാണു്?

ഗതാഗതമന്ത്രി (ശ്രീ ഇ. കെ. ഇമ്പിച്ചിബാവ)

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനു് 24,443രൂ. 9 പൈസായും, മലപ്പുറം നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനു് 35,218രൂ. 53 പൈസയും ഗവണ്മെൻറിനു് ചെലവായി.

(ബി) വോട്ടർ പട്ടിക പുതുക്കി തയ്യാറാക്കുന്നതിനു് എന്യൂമറേറ്റർമാർക്കും പകർത്തിയെഴുത്തുകാർക്കും നൽകിയ പ്രതിഫലം, അച്ചടിച്ചിലവു്, ഉപതിരഞ്ഞെടുപ്പു് ജോലിയ്ക്കു നിയുക്തരായ ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടി, ശമ്പളം, അലവൻസു് എന്നിവ, വാഹനങ്ങളുടെ, സ്റ്റേഷനറി എന്നീ ഇനങ്ങളിലാണു് ചെലവുണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly